**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 811** **09-10-2024 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | സർക്കാർ തലത്തിലും ഡയറക്ടറേറ്റ് തലങ്ങളിലും ജില്ലാ തലത്തിലും നിർമ്മാണ ഏജൻസികളുമായി അവലോകനയോഗങ്ങൾ വിളിച്ചു ചേർത്ത് പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. |
| (സി) | പ്രസ്തുത പദ്ധതികളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ പ്രത്യേക സമിതിയെ ചുമതലപ്പെടുത്തുന്നതിൽ തടസ്സമുണ്ടോ; വിശദമാക്കുമോ? | (സി) | നിലവിലെ മാനദണ്ഡ പ്രകാരം അംബേദ്കർ ഗ്രാമം പദ്ധതികളുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നത് വകുപ്പ് ഡയറക്ടറാണ്. എന്നാൽ അതാത് ജില്ലകളിലെ പദ്ധതികൾക്ക് സാങ്കേതിക അംഗീകാരം നൽകുന്നതിന് പ്രത്യേക ജില്ലാതല സമിതിയെ രൂപീകരിക്കുന്നതും എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തികൊണ്ടും നിലവിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ